"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ശങ്കരനാരായണന്റെ മകളും ആശ്രിതയുമായ കുമാരി. സാമജ ഇ.എം.-ന് പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(കൈ) നം.132/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/10/2019

---

പരാമർശം:- 1 സ.ഉ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2 സ.ഉ.(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018

3 കുമാരി. സാമജ ഇ.എം. സമർപ്പിച്ച 02.11.2018-ലെ അപേക്ഷ

4 പഞ്ചായത്ത് ഡയറക്ടറുടെ 15.12.2018-ലെ PAN 26934/2018-E14(DP) നമ്പർ കത്ത്.

5 പാലക്കാട് ജില്ലാ കളക്ടറുടെ 29.07.2019-ലെ DCPKD/5117/2019-A3നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ശങ്കരനാരായണന്റെ മകളും ആശ്രിതയുമായ കുമാരി. സാമജ ഇ.എം. , സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ 29.06.2013-ലാണ് ശങ്കരനാരായണൻ നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം ശങ്കരനാരായണൻ 2 2 വർഷവും 0 9 മാസവും 0 8 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷകയുടെ ജനനതീയതി 07.06.2000 ആണ്. നിലവിൽ അപേക്ഷകയ്ക്ക് 19 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി. പാസ്സായിട്ടുണ്ട്. കുമാരി. സാമജ ഇ.എം. , പാലക്കാട് ജില്ലയിൽ

പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷക നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അമ്മ, ഭാര്യ, രണ്ട് പെൺ മക്കൾ (അപേക്ഷക ഉൾപ്പടെ) എന്നിവർ ഉൾപ്പെടുന്ന നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. അപേക്ഷകയായ കുമാരി. സാമജ ഇ.എം.ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ അമ്മയും, ഭാര്യയും, മകളും സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാരി ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 6,29,496/- രൂപയാണെന്ന് നാഗലശ്ശേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായി കുമാരി. സാമജ ഇ.എം., സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറും, പാലക്കാട് ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ഇ.എം.ശങ്കരനാരായണന്റെ മകളും ആശ്രിതയുമായ കുമാരി. സാമജ ഇ.എം.ന് പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. പരേതനായ ശങ്കരനാരായണന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. ടിയാരിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

5. അപേക്ഷക സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ കുമാരി. സാമജ ഇ.എം.ന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

1. കുമാരി. സാമജ ഇ.എം.,
   ഇരട്ടയിൽ മന, ക്ലറ്റനാട് പി.ഒ, പാലക്കാട്-679 533
   (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ